കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## മാർച്ച് 2021




**പ്രൈസസ് വിഭാഗം**

**സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്**

**(DEPARTMENT OF ECONOMICS AND STATISTICS)**

**തിരുവനന്തപുരം**

കേരള സർക്കാർ
**പിണറായി വിജയൻ**
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥർ ശേഖരിച്ച് ദിനംപ്രതി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മറ്റ് ഏജൻസികൾക്കും ലഭ്യമാക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളറ്റിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം **പി.വി .ബാബു**

**31-05-2021** **ഡയറക്ടർ**

## ആമുഖം

അവശ്യ സാധനങ്ങളുടെ അവലോകനമാസത്തെ വില പരിശോധിക്കുമ്പോൾ ഭക്ഷ്യ എണ്ണകൾ ഇറച്ചിക്കോഴി എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ പൊതുവെ വിലക്കുറവ് അനുഭവപ്പെട്ട മാസമായിരുന്നു കടന്നുപോയത്.അരിയുടെ വില എടുത്തുപറയത്തക്ക ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ ഏതാണ്ട് സ്ഥിരമായി നിൽക്കുകയാണ്. പയർ-പരിപ്പ് വർഗ്ഗങ്ങളുടെ വിലയും കാര്യമായ മാറ്റങ്ങളില്ലാതെ നിലനിൽക്കുകയാണ്.ഇറച്ചിക്കോഴിയുടെ വിലയിൽ ഗണ്യമായ വർദ്ധനവ് റിപ്പോർട്ട് ചെയ്യുന്നു. ഏപ്രിൽ മാസത്തിലും ഇറച്ചിക്കോഴിയുടെ വിലയിൽ വർദ്ധനവ് തുടരാനാണ് സാധ്യത.ഭക്ഷ്യ എണ്ണകളുടെ വിലയിൽ അവലോകനമാസത്തിലും വില വർദ്ധനവ് തുടരുകയാണ് പ്രത്യേകിച്ച് പാം ഓയിൽ ,സൂര്യകാന്തി ഓയിൽ എന്നിവയുടെ വിലയിൽ കാര്യമായ വർദ്ധനവ് തുടരുകയാണ്. പയർ -പരിപ്പ് വർഗ്ഗങ്ങളുടെയും ഭക്ഷ്യ എണ്ണകളുടെയും വിലയിൽ ഗണ്യമായ ഒരു കുറവ് വരും മാസങ്ങളിലും പ്രതീക്ഷിക്കുന്നില്ല.ഏത്തക്കായ ഒഴികെയുള്ള മിക്കവാറും എല്ലാ പച്ചക്കറി ഇനങ്ങളുടെ വിലയിലും കുറവുണ്ടായിട്ടുണ്ട്. നിർമാണ സാമഗ്രികളുടെ വിലക്കയറ്റം നിർമ്മാണ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്നാണ് ലഭിക്കുന്ന സൂചനകൾ .സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ ഗണ്യമായ വർദ്ധനവ് അവലോകന മാസത്തിൽ രേഖപ്പെടുത്തി.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം റാബി സീസണിലെ കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷത്തേക്കാൾ നേരിയ വർദ്ധനവ് കാണിക്കുന്നു.2019-20 ൽ 646.74 ലക്ഷം ഹെക്ടറായിരുന്ന കാർഷിക വിസ്തൃതി 2020-21 സീസണിൽ 648.41 ലക്ഷം ഹെക്ടറായിവർദ്ധിച്ചു . ഗോതമ്പിന്റെ കാർഷിക വിസ്തൃതിയിൽ 1.26 ലക്ഷം ഹെക്ടറിന്റെ വർദ്ധനവുണ്ടായപ്പോൾ നെൽകൃഷിയുടെ വിസ്തൃതിയിൽ 2.29 ലക്ഷം ഹെക്ടറിന്റെ കുറവുണ്ടായി. മൊത്തം പയർ വർഗ്ഗങ്ങളുടെ വിസ്തൃതിയിൽ 8.73 ലക്ഷം ഹെക്ടറിന്റെ വർദ്ധനവ് കാണിക്കുന്നു.

അമേരിക്കൻ കാർഷിക മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം 2020-21 മാർക്കറ്റിംഗ് സീസണിലെ ഇന്ത്യയുടെ നെല്ല് ഉത്പാദനം 118 മില്യൺ ടണ്ണായി വർദ്ധിക്കുമെന്നു നിരീക്ഷിക്കുന്നു.അതെ സമയം അരിയുടെ ഉപഭോഗത്തിൽ 2020-21 സീസണിൽ 8 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയുടെ മൊത്തം അരിയുടെ ഉപഭോഗം 2020-21 ൽ 103.1 മില്യൺ ടൺ ആവുമെന്നും ഇത് 2021-22 ൽ 104 മില്യൺ ടണ്ണായി വർദ്ധിക്കുമെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു..

മാർച്ച് 26 നുള്ള എഫ് സി ഐ യുടെ കണക്കനുസരിച്ച് 2020-21 സീസണിൽ ഇതുവരെയായി 462.57 ലക്ഷം മെട്രിക് ടൺ അരി സംഭരിച്ചിട്ടുണ്ട്.കഴിഞ്ഞ വർഷം ഇതേ സമയം 406.73 ലക്ഷം മെട്രിക് ടൺ അരിയാണ് സംഭരിച്ചത് .റാബി സീസണിലെ അരിയുടെ സംഭരണവും ഉൾപ്പെടുമ്പോൾ മുൻ വർഷങ്ങളേക്കാൾ റെക്കോർഡ് സംഭരണം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചാബ്- 135.89 ലക്ഷം മെട്രിക് ടൺ ,ഉത്തർപ്രദേശ്-44.78 ലക്ഷം മെട്രിക് ടൺ,ഒഡിഷ-42.22 ലക്ഷം മെട്രിക് ടൺ,ഛത്തീസ്ഗർ - 39.76 ലക്ഷം മെട്രിക് ടൺ,ഹരിയാന-37.89 ലക്ഷം മെട്രിക് ടൺ ,തെലുങ്കാന-32.66 ലക്ഷം മെട്രിക് ടൺ എന്നിങ്ങനെയാണ് പ്രധാനമായും സംഭരണ നടന്ന സംസ്ഥാനങ്ങൾ .കേരളത്തിൽനിന്നും ഇതുവരെയായി 2.07 ലക്ഷം മെട്രിക് ടൺ അരി സംഭരിച്ചിട്ടുണ്ട്.

മാർച്ച് 1 മുതൽ ഏപ്രിൽ 1 വരെയുള്ള കാലയളവിൽ കേരളത്തിൽ സാധാരണ ലഭിക്കുന്നതിലും 58 ശതമാനം അധികമഴ ലഭിച്ചിട്ടുണ്ട്.വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും സാധാരണ ലഭിക്കുന്നതിലും അധിക മഴ ലഭിച്ചിട്ടുണ്ട്.ഏറ്റവും കൂടുതൽ മഴ ലഭിച്ചത് പത്തനംതിട്ട ജില്ലയിലാണ് 135.4 മില്ലിമീറ്റർ ,എറണാകുളം 89.2 മില്ലിമീറ്റർ,കൊല്ലം86.6 മില്ലിമീറ്റർ, കോട്ടയം 82.6 മില്ലിമീറ്റർ എന്നിങ്ങനെയാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ച മറ്റ് ജില്ലകൾ .ഏപ്രിൽ മാസത്തിലും കേരളത്തിൽ വേനൽ മഴ മിക്ക ജില്ലകളിലും ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതേസമയം ദേശീയാടിസ്ഥാനത്തിൽ ഈ കാലയളവിൽ 41 ശതമാനം മഴക്കുറവ് അനുഭവപ്പെട്ടു ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളിലും ഈ കാലയളവിൽ മഴക്കുറവ് അനുഭവപ്പെട്ടു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിൽ മാത്രമാണ് അധിക മഴ ലഭിച്ചത്

നിലവിൽ പെട്രോളിയം ഉത്പന്നങ്ങളുടെ വിലയിൽ കാര്യമായ മാറ്റം ഇല്ലാതെ നിൽക്കുകയാണ്

## I. ധാന്യങ്ങൾ

അരിയുടെ വില കഴിഞ്ഞ മാസങ്ങളിലേതുപോലെ തന്നെ കാര്യമായ മാറ്റങ്ങളില്ലാതെ ഏതാണ്ട് സ്ഥിരമായി നിൽക്കുകയാണ് . കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചമ്പ ഒഴികെയുള്ള അരി ഇനങ്ങളിൽ ഏതാണ്ട് 1 ശതമാനം മുതൽ 10 ശതമാനം വരെ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ നെല്ലിന്റെ ഉല്പാദന വർദ്ധനവും, സംഭരണവുമാണ് വില കുറഞ്ഞു നില്ക്കാൻ കാരണമായത്. 2020-21 സീസണിലെ ഉത്പാദനവും സംഭരണവും മികച്ച രീതിയിലാണ് മുന്നോട്ടു പോവുന്നത് കാർഷിക മന്ത്രാലയത്തിന്റെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 2020-21 സീസണിലെ നെല്ല് ഉത്പാദനം 120.32 മില്യൺ മെട്രിക് ടൺ ആവുമെന്ന് പ്രതീക്ഷിക്കുന്നു.ഇത് ഒരു സർവകാല റെക്കോർഡ് ആയിരിക്കും. അതോടൊപ്പം തന്നെ ഇന്ത്യയുടെ അരി കയറ്റുമതിയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിലുള്ള അരിയുടെ സംഭരണവും ഉത്പാദനവും കണക്കിലെടുക്കുമ്പോൾ വരും മാസങ്ങളിലും അരിയുടെ വിലയിൽ വർദ്ധനവിമുള്ള സാഹചര്യം നില നിൽക്കുന്നില്ല.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 40.93 | 36.80 | 36.77 | -0.08 | -10.16 |
| 2 | ചമ്പ | കിലോഗ്രാം | 39.50 | 40.00 | 40.00 | 0.00 | 1.27 |
| 3 | റോസ് | കിലോഗ്രാം | 42.11 | 39.22 | 39.22 | 0.00 | -6.86 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.26 | 35.88 | 35.87 | -0.03 | -3.73 |
| 5 | ജയ | കിലോഗ്രാം | 38.15 | 37.63 | 37.50 | -0.35 | -1.70 |
| 6 | ഗോതമ്പ് | കിലോഗ്രാം | 36.81 | 35.15 | 35.02 | -0.37 | -4.86 |



## II.പയർ വർഗ്ഗങ്ങൾ

അവലോകനമാസമായ മാർച്ചിൽ പയർ-പരിപ്പ് വർഗ്ഗങ്ങളുടെ വിലയിൽ നേരിയ ഏറ്റക്കുറച്ചിലുകളോടെ നിലകൊണ്ടു. എന്നാൽ അത്ര ശുഭകരമായ വാർത്തകളല്ല പയർ-പരിപ്പ് വർഗ്ഗങ്ങളുടെ കാര്യത്തിൽ ലഭിക്കുന്നത്. വരും മാസങ്ങളിലും വിലയിൽ ഗണ്യമായ കുറവ് ഉണ്ടാവാൻ ഇടയില്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ ,പ്രത്യേകിച്ച്,ഉഴുന്ന്,തുവരപ്പരിപ്പ് എന്നിവയുടെ വില .കർണാടകയിൽ ഉണ്ടായ കനത്ത മഴ തുവരയുടെ ഉത്പാദനത്തിൽ കുറവുണ്ടാക്കി എന്നാണ് ലഭിക്കുന്ന റിപ്പോർട്ട്. ഇത് വരുംമാസങ്ങളിലെ വിലയെ സ്വാധീനിച്ചേക്കാം. ഇതോടൊപ്പം ഇന്ത്യ പയർ ഇറക്കുമതിയിൽ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന മ്യാൻമറിലെ രാഷ്ട്രീയ അസ്ഥിരതയും വിലയെ സ്വാധീനിച്ചേക്കാം. 2021-22 വർഷത്തേക്കുള്ള തുവരപ്പരിപ്പ്,ഉഴുന്ന്,ചെറുപയർ എന്നിവയുടെ ഇറക്കുമതി ക്വാട്ട കേന്ദ്രം നിശ്ചയിച്ചു .തുവര 4 ലക്ഷം ടൺ ,ചെറുപയർ 1.5 ലക്ഷം ടൺ ,ഉഴുന്ന് 4 ലക്ഷം ടൺ എന്നിങ്ങനെയാണ് ഇറക്കുമതി ക്വാട്ട നിശ്ചയിച്ചിരിക്കുന്നത്.

.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 108.52 | 113.89 | 116.20 | 2.03 | 7.08 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 116.01 | 119.30 | 121.23 | 1.62 | 4.50 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 121.48 | 125.05 | 124.73 | -0.26 | 2.68 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 114.52 | 122.98 | 123.20 | 0.18 | 7.58 |
| 5 | വൻപയർ | കിലോഗ്രാം | 76.83 | 81.55 | 81.87 | 0.39 | 6.56 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 97.48 | 112.11 | 112.15 | 0.04 | 15.05 |
| 7 | കടല(വലുത്) | കിലോഗ്രാം | 78.85 | 80.63 | 80.08 | -0.68 | 1.56 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 70.52 | 70.20 | 70.69 | 0.70 | 0.24 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 76.24 | 85.89 | 86.30 | 0.48 | 13.20 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 74.25 | 86.52 | 86.31 | -0.24 | 16.24 |



## III മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ മാർച്ചിൽ കോഴിമുട്ടയുടെ വിലയിൽ കുറവുണ്ടായപ്പോൾ ഇറച്ചിക്കോഴിയുടെ വിലയിൽ വർദ്ധനവുണ്ടായി കോഴിമുട്ടയുടെ വിലയിൽ ഇന്ത്യയിലെ പ്രധാന ഉത്പാദക സംസ്ഥാനങ്ങളിൽ എല്ലാം തന്നെ പൊതുവെ വിലക്കുറവുണ്ടായി എന്നാൽ മാസം അവസാനം വില വർദ്ധിക്കാനുള്ള പ്രവണത പ്രകടമായിരുന്നു. ഏപ്രിലിൽ നേരിയ വർദ്ധനവോടെ നിലകൊള്ളാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ഇറച്ചിക്കോഴിയുടെ വിലയിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തി.വിഷുവിനോട് അനുബന്ധിച്ച് ഏപ്രിലിലും വില വർദ്ധിക്കാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന വിവരം .മറ്റ് ഇനങ്ങളുടെ വില കാര്യമായ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ സ്ഥിരമായി നിൽക്കുകയാണ്.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.79 | 37.38 | 37.40 | 0.05 | -3.58 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 167.40 | 172.48 | 173.42 | 0.54 | 3.60 |
| 3 | ശർക്കര | കിലോഗ്രാം | 54.14 | 53.77 | 53.70 | -0.13 | -0.81 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 46.70 | 58.30 | 54.78 | -6.04 | 17.30 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 600.48 | 653.93 | 656.61 | 0.41 | 9.35 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 65.92 | 106.92 | 124.38 | 16.33 | 88.68 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.24 | 154.25 | 155.61 | 0.88 | 4.97 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 164.00 | 163.94 | 164.23 | 0.18 | 0.14 |



## IV. എണ്ണയും എണ്ണക്കുരുക്കളും

ഭക്ഷ്യ എണ്ണകളുടെ വിലയിൽ കഴിഞ്ഞ ഒരു വർഷത്തോളമായി ഉണ്ടായിക്കൊണ്ടിരുന്ന വർദ്ധനവ് അവലോകനമാസമായ മാർച്ചിലും യാതൊരു മാറ്റവുമില്ലാതെ തുടരുകയാണ് .സൂര്യകാന്തി ഓയിൽ ,പാം ഓയിൽ എന്നിവയുടെ വിലയിലാണ് നിലവിൽ ഗണ്യമായ വർദ്ധനവ് തുടരുന്നത്.ഏപ്രിൽ മാസത്തിലും വിലയിൽ കാര്യമായ കുറവുണ്ടാവാൻ ഇടയില്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന . വെളിച്ചെണ്ണയുടെ വിലയിൽ ഗണ്യമായ മാറ്റമില്ലാതെ നിലനിൽക്കുകയാണ് .തേങ്ങയുടെ വിലയിൽ നേരിയ കുറവ് പ്രകടമായിട്ടുണ്ട്.എങ്കിലും കാര്യമായ വിലക്കുറവ് പ്രതീക്ഷിക്കുന്നില്ല .കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ പാം ഓയിലിന്റെയും സൂര്യകാന്തി ഓയിലിന്റെയും വിലയിൽ ഏതാണ്ട് 50 ശതമാനം വർദ്ധനവ് കാണുന്നു.

.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 187.35 | 225.50 | 227.76 | 1.00 | 21.57 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.00 | 176.40 | 176.40 | 0.00 | 13.81 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 106.58 | 139.50 | 151.88 | 8.87 | 42.50 |
| 4 | നല്ലെണ്ണ | ലിററർ | 203.93 | 188.73 | 190.64 | 1.01 | -6.52 |
| 5 | കടുക് എണ്ണ | ലിററർ | 142.00 | 154.69 | 155.00 | 0.20 | 9.15 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 104.86 | 126.20 | 132.08 | 4.66 | 25.96 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 105.30 | 143.32 | 158.17 | 10.36 | 50.21 |
| 8 | പാം ഓയിൽ | ലിററർ | 88.04 | 118.94 | 126.93 | 6.72 | 44.19 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 200.34 | 223.43 | 223.48 | 0.02 | 11.55 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

സുഗന്ധ വ്യഞ്ജനങ്ങളുടെ വിലയിൽ അവലോകനമാസമായ മാർച്ചിൽ മിക്കവാറും ഇനങ്ങളുടെ വിലയിലും ഗണ്യമായ കുറവ് പ്രകടമാണ്. ഉള്ളി,വറ്റൽമുളക് ,വെളുത്തുള്ളി എന്നിവയുടെ വിലയിൽ ഗണ്യമായ വിലക്കുറവ് പ്രകടമായിരുന്നു.ഈ ഇനങ്ങളുടെ വില ഏപ്രിൽ മാസത്തിലും നേരിയ വിലക്കുറവോടെ നിലനിൽക്കാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.കുരുമുളകിന്റെ വിലയിൽ നേരിയ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 98.11 | 97.38 | 98.77 | 1.43 | 0.67 |
| 2 | മുളക് | കിലോഗ്രാം | 190.11 | 179.94 | 169.17 | -5.99 | -11.01 |
| 3 | ഉള്ളി | കിലോഗ്രാം | 70.12 | 120.23 | 70.86 | -41.06 | 1.06 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 150.61 | 165.13 | 161.76 | -2.04 | 7.40 |
| 5 | ജീരകം | 100 ഗ്രാം | 30.19 | 29.64 | 29.52 | -0.40 | -2.22 |
| 6 | കടുക് | 100 ഗ്രാം | 9.45 | 10.50 | 10.52 | 0.19 | 11.32 |
| 7 | ഉലുവ | 100 ഗ്രാം | 9.77 | 10.54 | 10.52 | -0.19 | 7.68 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.58 | 18.43 | 18.20 | -1.25 | -2.05 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 15.33 | 14.71 | 13.08 | -11.08 | -14.68 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 384.17 | 386.48 | 392.98 | 1.68 | 2.29 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

പച്ചക്കറി വർഗ്ഗങ്ങൾക്ക് അവലോകനമാസമായ മാർച്ചിൽ പൊതുവെ അനുഭവപ്പെട്ട വിലക്കുറവ് കിഴങ്ങ് വർഗ്ഗങ്ങളുടെ വിലയിലും അനുഭവപ്പെട്ടു.സീസൺ ആയതിനാൽ ഉരുളക്കിഴങ്ങിന്റെ വിലയിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ടു. ഏപ്രിൽ മാസത്തിലും വിലക്കുറവോടെ തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ബീറ്റ്റൂട്ടിന്റെ വിലയിൽ ഈ കാലയളവിൽ ഗണ്യമായ കുറവുണ്ടായി.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **29.52** | **28.86** | **29.07** | **0.73** | **-1.52** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **26.39** | **21.43** | **21.07** | **-1.68** | **-20.16** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **35.02** | **32.70** | **28.40** | **-13.15** | **-18.90** |
| 4 | ചേമ്പ് | കിലോഗ്രാം | **51.30** | **41.48** | **41.88** | **0.96** | **-18.36** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **31.20** | **42.52** | **38.68** | **-9.03** | **23.97** |
| 6 | കാരററ് | കിലോഗ്രാം | **54.64** | **38.30** | **38.18** | **-0.31** | **-30.12** |



## VII.പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ മാർച്ചിൽ പച്ചക്കറി ഇനങ്ങൾക്ക് പൊതുവെ വിലക്കുറവ് അനുഭവപ്പെട്ട .ഏത്തയ്ക്കയുടെ വിലയിൽ മാത്രമാണ് ഗണ്യമായ വർദ്ധനവ് ഉണ്ടായത്. സവാള, വെണ്ടയ്ക്ക, വെള്ളരിക്ക, തക്കാളി, പടവലങ്ങ ,വള്ളിപ്പയർ,എന്നിവയുടെ വിലയിൽ ഗണ്യമായ കുറവുണ്ടായി .ഏപ്രിലിൽ വിഷുവിനോട് അടുത്ത ആഴ്ചയിൽ പച്ചക്കറികളുടെ വിലയിൽ സാധാരണയായി വർദ്ധനവ് കണ്ടുവരാറുണ്ട് . വിഷുവിനു ശേഷം ഈ വർദ്ധനവിൽ കുറവ് കാണാറുണ്ട്. കഴിഞ്ഞ ഏതാനും മാസങ്ങളായി ഗണ്യമായി വിലക്കുറവ് അനുഭവപ്പെട്ട ഏത്തയ്ക്കയുടെ വിലയിൽ വർദ്ധനവ് ദൃശ്യമാണ്.ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഏത്തയ്ക്കയുടെ വരവ് കുറഞ്ഞിട്ടുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം ഏപ്രിൽ മാസത്തിലും വിലയിൽ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 32.43 | 53.59 | 32.12 | -40.06 | -0.96 |
| 2 | വഴുതന | കിലോഗ്രാം | 32.81 | 36.23 | 33.48 | -7.59 | 2.04 |
| 3 | മത്തങ്ങ | കിലോഗ്രാം | 21.20 | 21.02 | 21.39 | 1.76 | 0.90 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.64 | 30.13 | 24.11 | -19.98 | 16.81 |
| 5 | വെണ്ടക്ക | കിലോഗ്രാം | 35.84 | 59.73 | 39.61 | -33.68 | 10.52 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 45.88 | 53.18 | 51.61 | -2.95 | 12.49 |
| 7 | വള്ളിപയർ | കിലോഗ്രാം | 44.48 | 54.45 | 47.46 | -12.84 | 6.70 |
| 8 | കാബേജ് | കിലോഗ്രാം | 26.99 | 26.71 | 25.52 | -4.46 | -5.45 |
| 9 | പാവയ്ക്ക | കിലോഗ്രാം | 42.18 | 49.61 | 50.35 | 1.49 | 19.37 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 22.71 | 26.71 | 25.33 | -5.17 | 11.54 |
| 11 | പടവലങ്ങ | കിലോഗ്രാം | 30.55 | 38.71 | 32.39 | -16.33 | 6.02 |
| 12 | തക്കാളി | കിലോഗ്രാം | 26.09 | 31.68 | 26.79 | -15.44 | 2.68 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.75 | 5.48 | 5.26 | -4.01 | 10.74 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 28.16 | 29.98 | 33.83 | 12.84 | 20.13 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 35.44 | 29.04 | 29.62 | 2.00 | -16.42 |



## VIII. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളിൽ ഓറഞ്ചിന്റെ സീസൺ ഏതാണ്ട് അന്തിമ ഘട്ടമായതിനാൽ വിലയിൽ ഗണ്യമായ തോതിൽ വിലക്കയറ്റം ഉണ്ടായി. ആപ്പിൾ ,ഏത്തപ്പഴം എന്നിവയുടെ വിലയിലും ഗണ്യമായ തോതിൽ വർദ്ധനവ് ദൃശ്യമായിരുന്നു.മാറ്റിനങ്ങളുടെ വില കാര്യമായ മാറ്റമില്ലാതെ നിലകൊണ്ടു. ഏത്തപ്പഴത്തിന്റെ വിലയിൽ ഏപ്രിൽ മാസത്തിലും വിലക്കയറ്റം ഉണ്ടാവുമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന .മാങ്ങയുടെ സീസൺ ആയത്തോടുകൂടി വിവിധ ഇനത്തിൽപെട്ട മാങ്ങകൾ വിപണിയിൽ സുലഭമായിട്ടുണ്ട്.വിലയിലും കുറവുണ്ടായിട്ടുണ്ട്.ഏപ്രിൽ മാസത്തിലും മാങ്ങയുടെ വിലയിൽ ഗണ്യമായ കുറവുണ്ടാവാൻ ഇടയുണ്ട്.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **55.52** | **71.81** | **94.32** | **31.35** | **69.88** |
| 2 | മുസമ്പി | കിലോഗ്രാം | **57.64** | **73.33** | **74.38** | **1.43** | **29.04** |
| 3 | മാതളം | കിലോഗ്രാം | **148.96** | **200.31** | **194.17** | **-3.07** | **30.35** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **144.24** | **143.00** | **160.00** | **11.89** | **10.93** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **38.95** | **38.25** | **40.58** | **6.09** | **4.18** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **30.43** | **28.42** | **28.60** | **0.63** | **-6.01** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **50.13** | **43.48** | **43.19** | **-0.67** | **-13.84** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **50.63** | **47.08** | **45.25** | **-3.89** | **-10.63** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **30.32** | **27.27** | **27.58** | **1.14** | **-9.04** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **93.33** | **108.33** | **105.33** | **-2.77** | **12.86** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **18.73** | **21.73** | **22.27** | **2.49** | **18.90** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **73.13** | **98.33** | **97.50** | **-0.84** | **33.32** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **56.08** | **65.00** | **67.50** | **3.85** | **20.36** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

നിർമ്മാണമേഖലയെ പ്രതിസന്ധിയിൽ ആക്കിക്കൊണ്ട് സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ വിലക്കയറ്റം തുടരുകയാണ് .ഏപ്രിൽ മാസത്തിലും ഈ വർദ്ധനവ് തുടരുമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. മാസാവസാനത്തോടെ വില ഏതാണ്ട് 430-440 രൂപയിൽ നിൽക്കുകയാണ്

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **21.29** | **21.29** | **0.00** | **6.45** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **23.82** | **25.73** | **26.07** | **1.32** | **9.45** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **491.67** | **513.00** | **512.00** | **-0.19** | **4.13** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **386.12** | **412.25** | **427.41** | **3.68** | **10.69** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **381.14** | **407.57** | **424.18** | **4.08** | **11.29** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **50.24** | **61.49** | **62.49** | **1.63** | **24.38** |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 40.93 | 36.80 | 36.77 | -0.08 | -10.16 |
| 2 | ചമ്പ | കിലോഗ്രാം | 39.50 | 40.00 | 40.00 | 0.00 | 1.27 |
| 3 | റോസ് | കിലോഗ്രാം | 42.11 | 39.22 | 39.22 | 0.00 | -6.86 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.26 | 35.88 | 35.87 | -0.03 | -3.73 |
| 5 | ജയ | കിലോഗ്രാം | 38.15 | 37.63 | 37.50 | -0.35 | -1.70 |
| 6 | ഗോതമ്പ് | കിലോഗ്രാം | 36.81 | 35.15 | 35.02 | -0.37 | -4.86 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 108.52 | 113.89 | 116.20 | 2.03 | 7.08 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 116.01 | 119.30 | 121.23 | 1.62 | 4.50 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 121.48 | 125.05 | 124.73 | -0.26 | 2.68 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 114.52 | 122.98 | 123.20 | 0.18 | 7.58 |
| 5 | വൻപയർ | കിലോഗ്രാം | 76.83 | 81.55 | 81.87 | 0.39 | 6.56 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 97.48 | 112.11 | 112.15 | 0.04 | 15.05 |
| 7 | കടല(വലുത്) | കിലോഗ്രാം | 78.85 | 80.63 | 80.08 | -0.68 | 1.56 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 70.52 | 70.20 | 70.69 | 0.70 | 0.24 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 76.24 | 85.89 | 86.30 | 0.48 | 13.20 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 74.25 | 86.52 | 86.31 | -0.24 | 16.24 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.79 | 37.38 | 37.40 | 0.05 | -3.58 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 167.40 | 172.48 | 173.42 | 0.54 | 3.60 |
| 3 | ശർക്കര | കിലോഗ്രാം | 54.14 | 53.77 | 53.70 | -0.13 | -0.81 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 46.70 | 58.30 | 54.78 | -6.04 | 17.30 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 600.48 | 653.93 | 656.61 | 0.41 | 9.35 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 65.92 | 106.92 | 124.38 | 16.33 | 88.68 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.24 | 154.25 | 155.61 | 0.88 | 4.97 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 164.00 | 163.94 | 164.23 | 0.18 | 0.14 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 187.35 | 225.50 | 227.76 | 1.00 | 21.57 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.00 | 176.40 | 176.40 | 0.00 | 13.81 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 106.58 | 139.50 | 151.88 | 8.87 | 42.50 |
| 4 | നല്ലെണ്ണ | ലിററർ | 203.93 | 188.73 | 190.64 | 1.01 | -6.52 |
| 5 | കടുക് എണ്ണ | ലിററർ | 142.00 | 154.69 | 155.00 | 0.20 | 9.15 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 104.86 | 126.20 | 132.08 | 4.66 | 25.96 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 105.30 | 143.32 | 158.17 | 10.36 | 50.21 |
| 8 | പാം ഓയിൽ | ലിററർ | 88.04 | 118.94 | 126.93 | 6.72 | 44.19 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 200.34 | 223.43 | 223.48 | 0.02 | 11.55 |

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **98.11** | **97.38** | **98.77** | 1.43 | 0.67 |
| 2 | മുളക് | കിലോഗ്രാം | **190.11** | **179.94** | **169.17** | -5.99 | -11.01 |
| 3 | ഉള്ളി | കിലോഗ്രാം | **70.12** | **120.23** | **70.86** | -41.06 | 1.06 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **150.61** | **165.13** | **161.76** | -2.04 | 7.40 |
| 5 | ജീരകം | 100 ഗ്രാം | **30.19** | **29.64** | **29.52** | -0.40 | -2.22 |
| 6 | കടുക് | 100 ഗ്രാം | **9.45** | **10.50** | **10.52** | 0.19 | 11.32 |
| 7 | ഉലുവ | 100 ഗ്രാം | **9.77** | **10.54** | **10.52** | -0.19 | 7.68 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.58** | **18.43** | **18.20** | -1.25 | -2.05 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **15.33** | **14.71** | **13.08** | -11.08 | -14.68 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **384.17** | **386.48** | **392.98** | 1.68 | 2.29 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **29.52** | **28.86** | **29.07** | 0.73 | -1.52 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **26.39** | **21.43** | **21.07** | -1.68 | -20.16 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **35.02** | **32.70** | **28.40** | -13.15 | -18.90 |
| 4 | ചേമ്പ് | കിലോഗ്രാം | **51.30** | **41.48** | **41.88** | 0.96 | -18.36 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **31.20** | **42.52** | **38.68** | -9.03 | 23.97 |
| 6 | കാരററ് | കിലോഗ്രാം | **54.64** | **38.30** | **38.18** | -0.31 | -30.12 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **32.43** | **53.59** | **32.12** | -40.06 | -0.96 |
| 2 | വഴുതന | കിലോഗ്രാം | **32.81** | **36.23** | **33.48** | -7.59 | 2.04 |
| 3 | മത്തങ്ങ | കിലോഗ്രാം | **21.20** | **21.02** | **21.39** | 1.76 | 0.90 |
| 4 | വെള്ളരിക്ക | കിലോഗ്രാം | **20.64** | **30.13** | **24.11** | -19.98 | 16.81 |
| 5 | വെണ്ടക്ക | കിലോഗ്രാം | **35.84** | **59.73** | **39.61** | -33.68 | 10.52 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | **45.88** | **53.18** | **51.61** | -2.95 | 12.49 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **44.48** | **54.45** | **47.46** | -12.84 | 6.70 |
| 8 | കാബേജ് | കിലോഗ്രാം | **26.99** | **26.71** | **25.52** | -4.46 | -5.45 |
| 9 | പാവയ്ക്ക | കിലോഗ്രാം | **42.18** | **49.61** | **50.35** | 1.49 | 19.37 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **22.71** | **26.71** | **25.33** | -5.17 | 11.54 |
| 11 | പടവലങ്ങ | കിലോഗ്രാം | **30.55** | **38.71** | **32.39** | -16.33 | 6.02 |
| 12 | തക്കാളി | കിലോഗ്രാം | **26.09** | **31.68** | **26.79** | -15.44 | 2.68 |
| 13 | പച്ചമുളക് | 100 ഗ്രാം | **4.75** | **5.48** | **5.26** | -4.01 | 10.74 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **28.16** | **29.98** | **33.83** | 12.84 | 20.13 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **35.44** | **29.04** | **29.62** | 2.00 | -16.42 |

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2020 | ഫെബ്രുവരി 2021 | മാർച്ച് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 55.52 | 71.81 | 94.32 | 31.35 | 69.88 |
| 2 | മുസമ്പി | കിലോഗ്രാം | 57.64 | 73.33 | 74.38 | 1.43 | 29.04 |
| 3 | മാതളം | കിലോഗ്രാം | 148.96 | 200.31 | 194.17 | -3.07 | 30.35 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 144.24 | 143.00 | 160.00 | 11.89 | 10.93 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 38.95 | 38.25 | 40.58 | 6.09 | 4.18 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 30.43 | 28.42 | 28.60 | 0.63 | -6.01 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 50.13 | 43.48 | 43.19 | -0.67 | -13.84 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 50.63 | 47.08 | 45.25 | -3.89 | -10.63 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 30.32 | 27.27 | 27.58 | 1.14 | -9.04 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 93.33 | 108.33 | 105.33 | -2.77 | 12.86 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 18.73 | 21.73 | 22.27 | 2.49 | 18.90 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 73.13 | 98.33 | 97.50 | -0.84 | 33.32 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 56.08 | 65.00 | 67.50 | 3.85 | 20.36 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 21.29 | 21.29 | 0.00 | 6.45 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 23.82 | 25.73 | 26.07 | 1.32 | 9.45 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 491.67 | 513.00 | 512.00 | -0.19 | 4.13 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 386.12 | 412.25 | 427.41 | 3.68 | 10.69 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 381.14 | 407.57 | 424.18 | 4.08 | 11.29 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 50.24 | 61.49 | 62.49 | 1.63 | 24.38 |